**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6343.** **20.11.2019 ൽ മറുപടിയ്ക്ക്**

**വിമുക്തി ബോധവൽക്കരണ സെൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സജി ചെറിയാൻ | | ശ്രീ.ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | വിമുക്തി പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലാതലങ്ങളിൽ മദ്യം, മയക്കുമരുന്ന് എന്നിവക്കെതിരായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് കൂടുതൽ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സെൽ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ; | (എ) | പരിഗണനയിലുണ്ട്. വിമുക്തി പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലാതലങ്ങളിൽ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗത്തിനെതിരായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് 14 ജില്ലയിലും ഒരോ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വിമുക്തി മിഷൻ ജില്ലാ മാനേജർമാരായി നിയമിച്ചിട്ടുണ്ട്. ജില്ലാ തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് 14 ജില്ലകളിലും ജില്ലാ കോർഡിനേറ്റർമാരെ നിയമിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. കൂടാതെ 90 ദിന തീവ്ര യത്ന ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന് സംസ്ഥാന തലത്തിലും ഓരോ ജില്ലയിലും കൂടുതൽ എക്സൈസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സംസ്ഥാന/ ജില്ലാ ഡയറക്ടറേറ്റുകൾ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | വിമുക്തി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്ന എക്സൈസ് ഉദ്യോഗസ്ഥന്മാർക്ക് നൽകിവരുന്ന ഔദ്യോഗിക സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ബി) | വിമുക്തി പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വരുന്ന എക്സൈസ് ഉദ്യോഗസ്ഥൻമാർക്ക് അതാത് ജില്ലകളിൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെ ഓഫീസുകളുമായി ബന്ധപ്പെട്ട് ഓഫീസ് പ്രവർത്തിക്കുന്നതിന് സൗകര്യം ഒരുക്കിയിട്ടുണ്ട്. വിമുക്തി മിഷന്റെ ജില്ലാ ഓഫീസുകളുടെ പ്രവർത്തനത്തിന് കോൺട്രാക്ട് അടിസ്ഥാനത്തിൽ വാഹനം ഉപയോഗിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ